ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

പ്രധാന വാർത്തകൾ

1. ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ഇന്ന് അവസാനിച്ചു.

**The deadline for filing nomination for the first phase of the Lok Sabha elections ended today in the state except Bihar.**

2. കേരളമുൾപ്പെടെ രണ്ടാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലേക്കുള്ള വിജ്ഞാപനം നാളെ .

**Notification to states including Kerala where the second phase of Lok Sabha elections will be held tomorrow.**

3. ലോക്സഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പു ദിനമായ ഏപ്രിൽ 26-നു കേരളത്തിൽ പൊതു അവധി പ്രഖ്യാപിച്ചു.

**A public holiday has been declared in Kerala on April 26, the polling day of the Lok Sabha elections.**

4. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻ്റെ അറസ്റ്റുമായി ബന്ധപ്പെട്ട് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻ്റ് വക്താവ് നടത്തിയ പരാമർശത്തിൽ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. കെജ്‌രിവാളിൻ്റെ ഹർജി ഡൽഹി ഹൈക്കോടതി ഏപ്രിൽ മൂന്നിന് പരിഗണിക്കും.

**India today lodged a strong protest over the remarks made by the Spokesperson of the US State Department on Delhi Chief Minister**

Arvind Kejriwal's arrest. The Delhi High Court will hear Kejriwal's plea on April 3.

5. ഐപിഎല്ലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്- മുംബൈ ഇന്ത്യൻസ് പോരാട്ടം.

Sunrisers Hyderabad vs Mumbai Indians match in IPL today.

&&&&&&&&&&&&&&&&&&

## ELECTION – GENERAL

ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ഇന്ന് അവസാനിച്ചു. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ മണ്ഡലങ്ങളിലാണ് ഏപ്രിൽ-19 ന് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. ഇവിടെ സമർപ്പിക്കപ്പെട്ട നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. ബിഹാറിലെ നാല് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ നാളെ വരെ സമയമുണ്ട്.

&&&&&&&&&&&&&&&&&&

## 2ND PHASE NOTIFICATION INTRO

രണ്ടാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. കേരളമുൾപ്പെടെയുള്ള 12 സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 89 സീറ്റുകളിലേക്കാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക.

വിശദാംശങ്ങളിലേക്ക്........

&&&&&&&&&&&&&&&&&&

## 2ND PHASE NOTIFICATION -VOICE

കേരളത്തിലെ 20 സീറ്റുകൾ , കർണാടകയിലെ 14 സീറ്റുകൾ, രാജസ്ഥാനിലെ 13 സീറ്റുകൾ അടക്കമുള്ളവയിലാണ് രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുക. ഏപ്രിൽ 4 വരെ പത്രിക സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കും. ജമ്മുകാശ്മീർ ഒഴികെയുള്ള 11 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കുമുള്ള നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന ഏപ്രിൽ 5 ന് നടക്കും.ജമ്മു കശ്മീരിൽ ഏപ്രിൽ ആറിനാണ് നാമനിർദ്ദേശപത്രികകളുടെ സൂക്ഷമ പരിശോധന.ഏപ്രിൽ 26 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്നത്.ഈ ഘട്ടത്തിലേക്കുള്ള നാമനിർദേശപ്പത്രികാസമർപ്പണത്തിന് നാളെ തുടക്കമാകും. അസം, ബിഹാർ, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ത്രിപുര, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവയാണു രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റ് സംസ്ഥാനങ്ങൾ. ന്യൂസ് ഡസ്ക് ആകാശവാണി...............

&&&&&&&&&&&&&&&&&&

## EC SPECIAL V/C

തിരഞ്ഞെടുപ്പിനായി ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ വ്യാപകമായി പ്രയോജനപ്പെടുത്താനൊരുങ്ങി തിരഞ്ഞെടുപ്പ് കമ്മീഷൻ. സ്ഥാനാർത്ഥികൾക്കും, പൊതുജനങ്ങൾക്കും, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും തിരഞ്ഞെടുപ്പ് പ്രക്രിയ ലളിതമാക്കാനായി 27 ആപ്പുകളുടെയും, ഓൺലൈൻ സംവിധാനങ്ങളുടെയും സേവനമാണ് ഉപയോഗിക്കുന്നത്. ഓൺലൈൻ സുവിധ പോർട്ടലിലൂടെ സ്ഥാനാർഥികൾക്ക് നാമനിർദേശ പത്രികയും, സത്യവാങ്മൂലവും സമർപ്പിക്കാം. കൂടാതെ

യോഗങ്ങളും, റാലികളും പോലുള്ള പരിപാടികൾക്കായുള്ള അനുമതിയ്ക്കായും പോർട്ടൽ ഉപയോഗിക്കാവുന്നതാണ്. വോട്ടർ ഹെൽപ്പ്ലൈൻ ആപ്പിലൂടെ ജനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും, പോളിംഗ് ബൂത്ത് സംബന്ധിച്ച വിവരങ്ങൾ തേടാനും, ഇ-എപിക് ഇലക്ഷൻ ഫോട്ടോ ഐഡന്റിറ്റി കാർഡ് ഡൗൺലോഡ് ചെയ്യാനും സാധിക്കും. സി-വിജിൽ ആപ്പിലൂടെ പേര് വെളിപ്പെടുത്താതെ തന്നെ പരാതി നൽകാനും ലംഘനങ്ങൾ റെക്കോർഡ് ചെയ്യാനും, റിപ്പോർട്ട് ചെയ്യാനും, പരിഹരിക്കാനും സാധിക്കും.

&&&&&&&&&&&&&&&&&&

## PUBLIC HOLIDAY

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പു ദിനമായ ഏപ്രിൽ 26നു സംസ്ഥാനത്തു പൊതു അവധി പ്രഖ്യാപിച്ചു. സർക്കാർ ഓഫിസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധി ബാധകമാണ്. വാണിജ്യ സ്ഥാപനങ്ങൾക്കു ശമ്പളത്തോടെയുള്ള അവധിയായിരിക്കും.

&&&&&&&&&&&&&&&&&&

## ARAVIND KEJRIWAL

ഡൽഹി മദ്യനയ അഴിമതി കേസിൽ എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റിനെതിരേ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നൽകിയ ഹർജി, ഡൽഹി ഹൈക്കോടതി ഇനി ഏപ്രിൽ മൂന്നിന് പരിഗണിക്കും. ഈ മാസം 21 നാണ് കെജ്രിവാളിനെ അറസ്റ്റ് ചെയ്തത്. അതേസമയം ED കസ്റ്റഡിയിൽ കഴിയുന്ന അരവിന്ദ് കെജ്രിവാൾ ഔദ്യോഗിക കത്തുകൾ

അയച്ചതായി ആരോപിച്ച് ബി.ജെ.പി ഡൽഹി ഘടകം അധ്യക്ഷൻ വീരേന്ദ്ര സച്ച്ദേവ് പൊലീസ് കമ്മീഷണർക്ക് പരാതി നൽകി.

&&&&&&&&&&&&&&&&&&

## MEA-US

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻ്റെ അറസ്റ്റുമായി ബന്ധപ്പെട്ട് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻ്റ് വക്താവ് നടത്തിയ പരാമർശത്തിൽ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. നയതന്ത്ര കാര്യങ്ങളിൽ രാജ്യത്തിൻറെ പരമാധികാരത്തെയും ആഭ്യന്തര കാര്യങ്ങളെയും മറ്റു രാജ്യങ്ങൾ ബഹുമാനിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. അതിനിടെ, കെജ്‌രിവാളിൻ്റെ അറസ്റ്റുമായി ബന്ധപ്പെട്ട് അമേരിക്ക നടത്തിയ പരാമർശങ്ങളുടെ പേരിൽ ന്യൂഡൽഹിയിലെ യുഎസ് എംബസിയുടെ ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് ഓഫ് മിഷനെ ഇന്ത്യ വിളിച്ചുവരുത്തി.

&&&&&&&&&&&&&&&&&&

## PREZ-ENVOYS

രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ അഞ്ച് രാജ്യങ്ങളുടെ സ്ഥാനപതിമാരിൽ നിന്ന് അധികാരപത്രം സ്വീകരിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു. ഫിലിപ്പീൻസ്, ഉസ്ബെക്കിസ്ഥാൻ, ബെലറൂസ്, ജോർജിയ എന്നീ രാജ്യങ്ങളുടെ അംബാസഡർമാരും, കെനിയയിലെ ഹൈക്കമ്മീഷണറുമാണ് അധികാരപത്രം കൈമാറിയത്.

&&&&&&&&&&&&&&&&&&

## ARMY-COMMANDER CONFERENCE

കരസേനാ കമാൻഡർമാരുടെ സമ്മേളനം നാളെ മുതൽ ന്യൂഡൽഹിയിൽ ആരംഭിക്കും. രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗ് അടുത്ത മാസം 2 ന് സമ്മേളനത്തെ അഭിസംബോധന ചെയ്യും. തുടർന്ന് അദ്ദേഹം മുതിർന്ന സൈനിക ഉദ്യോഗസ്ഥരുമായി സംവദിക്കും. സമ്മേളനത്തിൻ്റെ ആദ്യ ദിനം കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ കരസേന ഉദ്യോഗസ്ഥരുമായി സംവദിക്കും.

&&&&&&&&&&&&&&&&&&

## AIR FORCE CHIEF - SEMINAR

രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ , അതിർ വരമ്പുകൾക്കപ്പുറവും വ്യോമസേനയുടെ ശക്തി ഫലപ്രദമായി നടപ്പാക്കാനാകുമെന്നു ബാലാകോട്ട് ദൗത്യം തെളിയിച്ചതായി എയർ ചീഫ് മാർഷൽ വി.ആർ ചൗധരി. 15-ാമത് ജംബോ മജുംദാർ ഇൻററർനാഷണൽ സെമിനാറിൻ്റെ ഉദ്ഘാടന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബഹിരാകാശ മേഖലയിലെ സൈനികവൽക്കരണവും ആയുധവൽക്കരണവും കാലഘട്ട ത്തിൻറെ അനിവാര്യതയായി മാറിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു .

&&&&&&&&&&&&&&&&&&

## IPL

ഐപിഎല്ലിൽ സൺറൈസേഴ്സ് ഹൈദരാബാദ്- മുംബൈ ഇന്ത്യൻസ് പോരാട്ടം. ഹൈദരാബാദിലെ രാജീവ് ഗാന്ധി രാജ്യാന്തര സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്. ടോസ് നേടിയ മുംബൈ , സൺറൈസസ് ഹൈദരാബാദിനെ ബാറ്റിംഗിനയച്ചു.

&&&&&&&&&&&&&&&&&&

## BALTIMORE BRIDGE

യു എസിലെ ബാൾട്ടിമോറിൽ ചരക്കു കപ്പൽ ഇടിച്ച് പാലം തകർന്ന സംഭവത്തിൽ കാണാതായ ആറ് പേരും മരണമടഞ്ഞതായി മേരിലാൻഡ് സ്റ്റേറ്റ് പോലീസ്. നദിയിലെ ജലത്തിൻറെ താപനില, കാണാതായ സമയ ദൈർഘ്യം എന്നിവ അടിസ്ഥനമാക്കിയാണ് നിഗമനം. ബാൾട്ടിമോർ തുറമുഖത്തിൽ നിന്നും ശ്രീലങ്കയിലെ കൊളംബോയിലേയ്ക്ക് തിരിച്ച ചരക്കു കപ്പലാണ് അപകടത്തിന് കാരണമായത്. അപകടത്തിൽപ്പെട്ട 'ദാലി' കപ്പലിലെ ഇന്ത്യൻ നാവികരുടെ ജാഗ്രതയെ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ പ്രശംസിച്ചു. അവരുടെ സമയോചിതമായ അപായമുന്നറിയിപ്പാണ് അപകടത്തിന്റെ വ്യാപ്തി കുറയ്ക്കാൻ സഹായിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## ED

മാസപ്പടി കേസിൽ അന്വേഷണം ആരംഭിച്ച് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്. ഇ.ഡി.യുടെ കൊച്ചി യൂണിറ്റാണ് അന്വേഷണം നടത്തുന്നത്. എക്സാലോജിക്

സൊല്യൂഷ്യൻസ് എന്ന കമ്പനി, സി.എം.ആർ.എൽ. എന്ന സ്വകാര്യ കമ്പനിയിൽ നിന്ന് നൽകാത്ത സേവനത്തിന് പ്രതിഫലം കൈപ്പറ്റിയെന്ന ഇൻററിം സെറ്റിൽമെൻറ് ബോർഡിൻറെ കണ്ടെത്തലാണ് മാസപ്പടിവിവാദത്തിന് തുടക്കമിട്ടത്.

&&&&&&&&&&&&&&&&&&

## RAHUL GANDHI

മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി അടുത്തമാസം മൂന്നിന് വയനാട്ടിലെത്തി നാമനിർദ്ദേശ പത്രിക സമർപ്പിക്കും. തുടർന്ന് റോഡ് ഷോയും ഉണ്ടാകും. സി.പി.ഐ നേതാവ് ആനി രാജ , ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ എന്നിവരാണ് വയനാട് ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കുന്ന മറ്റ് പ്രമുഖർ.

&&&&&&&&&&&&&&&&&&

## LAK-NOMINATION

ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്ന ലക്ഷദ്വീപ് മണ്ഡലത്തിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥി അഡ്വ. ഹംദുള്ളാ സെയ്ദ് നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു. NCP ശരത് പവാർ പക്ഷ സ്ഥാനാർത്ഥിയായി നിലവിലെ MP മുഹമ്മദ് ഫൈസൽ ഇന്നലെ നാമ നിർദേശ പത്രിക സമർപ്പിച്ചിരുന്നു. BJP പിന്തുണയോടെ NCP അജിത് പവാർ പക്ഷത്തിൻറെ NDA സ്ഥാനാർത്ഥിയായി യുസഫ് സഖാഫിയും തെരഞ്ഞെടുപ്പിൽ മത്സരിക്കും.

&&&&&&&&&&&&&&&&&&

## FUR REV. BJP JOIN

ജലന്ധർ എം പി യും ആം ആദ്മി പാർട്ടിയുടെ ഏക ലോക്സഭാ അംഗവുമായ സുശീൽ കുമാർ റിങ്കുവും പാർട്ടി എം എൽ എ ശീതൾ അംഗുരാലും ബി ജെ പിയിൽ ചേർന്നു. പാർട്ടി ജനറൽ സെക്രട്ടറി വിനോദ് താവ്ദെയുടെ സാന്നിധ്യത്തിൽ ന്യൂ ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് വച്ചായിരുന്നു ഇരുവരും ബി ജെ പിയിൽ ചേർന്നത്.

&&&&&&&&&&&&&&&&&&

## WB-TEACHER RECRUITMENT SCAM

പശ്ചിമ ബംഗാളിലെ അധ്യാപക നിയമന അഴിമതിയുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റ് പശ്ചിമ ബംഗാൾ മന്ത്രി ചന്ദ്രനാഥ് സിൻഹയെ വിളിച്ചു വരുത്തി . അടുത്തിടെ, അധ്യാപക നിയമന അഴിമതിയുമായി ബന്ധപ്പെട്ട് ബോൾപൂരിലുള്ള അദ്ദേഹത്തിൻ്റെ വീട്ടിൽ നടന്ന റെയ്ഡിൽ രേഖകളും മൊബൈൽ ഫോണും 41 ലക്ഷം രൂപയും പിടിച്ചെടുത്തിരുന്നു.

&&&&&&&&&&&&&&&&&&

## J&K - MUGHAL ROAD

ജമ്മു ഡിവിഷനിലെ രജൗരി, പൂഞ്ച് അതിർത്തി ജില്ലകളെ കശ്മീർ ഡിവിഷനിലെ ഷോപ്പിയാൻ ജില്ലയുമായി ബന്ധിപ്പിക്കുന്ന മുഗൾ റോഡ് ഈ മാസം അവസാനത്തോടെ തുറക്കും. മാർച്ച് ആദ്യവാരം തന്നെ റോഡിലെ മഞ്ഞ് നീക്കം ചെയ്യുന്ന ജോലികൾ ആരംഭിച്ചതായും ജോലികൾ ദ്രുതഗതിയിൽ നടക്കുന്നതായും എംഇഡി അറിയിച്ചു . മഞ്ഞുവീഴ്ചയെ തുടർന്ന് നാലുമാസം മുമ്പാണ് റോഡ് അടച്ചത്.

&&&&&&&&&&&&&&&&&&

## REV. FIIs – INDIA

മാർച്ചിൽ ലഭിച്ച വിദേശ നിക്ഷേപങ്ങളിൽ മറ്റു ഏഷ്യൻ വിപണികളെ പിന്തള്ളി ഇന്ത്യ. ഇന്ത്യൻ ഓഹരികളിൽ 3.63 ബില്യൺ ഡോളറാണ് വിദേശ നിക്ഷേപകർ നൽകിയത്. ആഭ്യന്തര നിക്ഷേപകർ 52,467 കോടി രൂപയും നൽകിയിട്ടുണ്ട്. ഇന്ത്യക്ക് പുറത്ത് ദക്ഷിണ കൊറിയ, തായ്‌വാൻ, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾക്കാണ് ഇക്കാലയളവിൽ ഏറ്റവും കൂടുതൽ വിദേശ നിക്ഷേപം ലഭിച്ചത്.

&&&&&&&&&&&&&&&&&&

## STOCK

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 526 പോയിൻറ് ഉയർന്ന് 72,996 - ലും, ദേശിയ ഓഹരി സൂചിക നിഫ്റ്റി 119 പോയിന്റ് ഉയർന്ന് 22,123 - ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&

&&&&&&&&&&&

&&&&

&&

&